# ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

## പൗരാവകാശരേഖ

## 2025

ചുണ്ടൽ ഗ്രാമപഞ്ചായത്ത്

# പൗരാവകാശരേഖ 2025

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതുഭരണം സുതാര്യമാക്കുന്നതിനും പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങളും, അവയുടെ വ്യവസ്ഥകളും, സമയ പരിധിയും, കേരളപഞ്ചായത്ത്രാജ് ആക്ട് 272 എ (സെക്ഷൻ) പ്രകാരം പൊതു ജനസമക്ഷം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിന്നു കിട്ടേണ്ട രേഖ കൾ യഥാസമയം കിട്ടേണ്ടത് പൗരന്മാരുടെ അവകാശമാണ്. അതിനാൽ പൗര ന്മാർക്ക് അവകാശപ്പെട്ട എല്ലാ സേവനങ്ങളും നിശ്ചിത സമയത്തിനകം നൽകു മെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ പൗരാവകാശരേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.



ഭരണസമിതിക്കുവേണ്ടി

രേഖ സുനിൽ
പ്രസിഡന്റ്

## ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

### പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | പേര് | : ചൂണ്ടൽ ഗ്രാമപഞ്ചായത്ത് |
| 2. | ഓഫീസ് ആസ്ഥാനം | : കേച്ചേരി |
| 3. | ഉൾപ്പെടുന്ന വില്ലേജുകൾ | : ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : ചൊവ്വന്നൂർ |
| 5. | ജില്ലാ പഞ്ചായത്ത് | : തൃശൂർ |
| 6. | താലൂക്ക് | : കുന്നംകുളം |
| 7. | ലോകസഭ മണ്ഡലം | : തൃശൂർ |
| 8. | നയമസഭ മണ്ഡലം | : മണലൂർ |
| 9. | വിസ്തീർണ്ണം | : 19.98 ച.കി.മീ. |

### അതിരുകൾ

| | |
|---|---|
| വടക്ക് | : കടങ്ങോട് പഞ്ചായത്ത് |
| കിഴക്ക് | : വേലൂർ-കൈപ്പറമ്പ് പഞ്ചായത്തുകൾ |
| തെക്ക് | : കണ്ടാണശ്ശേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | : കണ്ടാണശ്ശേരി, ചൊവ്വന്നൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : 30492 |
| പുരുഷൻ | : 14334 |
| സ്ത്രീകൾ | : 16158 |
| ജനസാന്ദ്രത | : 1526 ച.കി.മീ. |
| വാർഡുകൾ | : 18 |
| സാക്ഷരത | : 95.6 – '10 |

# ഗ്രാമപഞ്ചായത്ത് ഭരണസമിതി



**രേഖ സുനിൽ**
പ്രസിഡന്റ്



**പി.ടി.ജോസ്**
വൈസ് പ്രസിഡന്റ്



**സുനിത ഉണ്ണികൃഷ്ണൻ**
(വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)



**ഹസനുൽ ബന്ന**
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)



**ജൂലറ്റ് വിനു**
(ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)



**കെ.ടി.ബാലകൃഷ്ണൻ**
(മെമ്പർ വാർഡ് - 1)



**എൻ.ഡി.സജിത് കുമാർ**
(മെമ്പർ വാർഡ് - 4)



**നജ്‌ല സിറാജുദ്ദീൻ മാസ്റ്റർ**
(മെമ്പർ വാർഡ് - 5)



**ആന്റോപോൾ വി.**
(മെമ്പർ വാർഡ് - 6)



**അഞ്ജു പ്രേമദാസ്**
(മെമ്പർ വാർഡ് - 7)



**ടി.പി. പ്രജീഷ്**
(മെമ്പർ വാർഡ് - 8)



**സ്മിത ഷാജി**
(മെമ്പർ വാർഡ് - 9)



**ധനേഷ് ചുള്ളിക്കാട്ടിൽ**
(മെമ്പർ വാർഡ് - 10)



**പി.എസ്. സന്ദീപ്**
(മെമ്പർ വാർഡ് - 11)



**വി.പി. ലീല**
(മെമ്പർ വാർഡ് - 14)




**ജിഷ്ണു എൻ.എസ്.**
(മെമ്പർ വാർഡ് - 16)



**നാൻസി ആന്റണി**
(മെമ്പർ വാർഡ് - 17)



**മാഗി ജോൺസൺ**
(മെമ്പർ വാർഡ് - 18)



**സുരേഷ്ഗോപി**
എം.പി. തൃശൂർ



**മുരളി പെരുനെല്ലി**
എം.എൽ.എ. മണലൂർ



**വി.എസ്. പ്രിൻസ്**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



**എ.വി. വല്ലഭൻ**
ജില്ലാ പഞ്ചായത്ത് അംഗം



**ആൻസി വില്ല്യംസ്**
പ്രസിഡന്റ്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്



**ശാരി ശിവൻ**
ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത്



**ടി.എ. മുഹമ്മദ് ഷാഫി**
ബ്ലോക്ക് മെമ്പർ 9ാം ഡിവിഷൻ



**ശാന്തി ജി**
ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ്

# വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ

1. **പൊതുഭരണവും ധനകാര്യവും**
(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ എന്നിവ)

| | | |
|---|---|---|
| ചെയർമാൻ | : | ജൂലറ്റ് വിനു (3-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | സി.എഫ്.ജെയിംസ് |
| കൺവീനർ | : | ശാന്തി ജി. (പഞ്ചായത്ത് സെക്രട്ടറി) |

2. **കൃഷി** (മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജലസംരക്ഷണം, പരിസ്ഥിതിസംരക്ഷണം മുതലായവ)

| | | |
|---|---|---|
| ചെയർമാൻ | : | സുനിത ഉണ്ണികൃഷ്ണൻ (13-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | എം. പീതാംബരൻ |
| കൺവീനർ | : | ഭുവന സി.എം. (കൃഷി ഓഫീസർ) |

3. **മൃഗസംരക്ഷണവും ക്ഷീരവികസനവും**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | പ്രജീഷ് ടി.പി. (8-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | ടി.പി. റാഫേൽ |
| കൺവീനർ | : | ഡോ. പ്രിയ പി. (വെറ്ററിനറി സർജൻ) |

4. **പ്രാദേശിക സാമ്പത്തിക വികസനം**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ആന്റോ പോൾ (6-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | ജിജു മാസ്റ്റർ |
| കൺവീനർ | : | വി.ഇ.ഒ. |

5. **ദാരിദ്ര്യ ലഘൂകരണം** (പാർപ്പിടം ഉൾപ്പടെ)

| | | |
|---|---|---|
| ചെയർമാൻ | : | പി.എസ്. സന്ദീപ് (11-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | ജോബി ജോസഫ് |
| കൺവീനർ | : | വി.ഇ.ഒ. |

6. **സാമൂഹ്യനീതി**

| | | |
|---|---|---|
| ചെയർപേഴ്ണ് | : | മാഗി ജോൺസൺ (18-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | കെ.എസ്. കരീം |
| കൺവീനർ | : | ഷൈനി സി.ജെ. (I.C.D.S. സൂപ്പർവൈസർ) |

7. **വനിതാവികസനം**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | അഞ്ജു പ്രേമദാസ് ( വാർഡ് മെമ്പർ) |
| വൈസ് ചെയർപേഴ്സൺ | : | ഷീബ ജയപ്രകാശ് |
| കൺവീനർ | : | ഷൈനി സി.ജെ. (I.C.D.S.സൂപ്പർവൈസർ) |

8. പട്ടികജാതി വികസനം

| | | |
|---|---|---|
| ചെയർമാൻ | : | കെ.ടി.ബാലകൃഷ്ണൻ (1-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർപേഴ്സൺ | : | പി.കെ.സുഗതൻ |
| കൺവീനർ | : | ബിന്ദു ജോസഫ് (അസി. സെക്രട്ടറി) |

9. ആരോഗ്യം

| | | |
|---|---|---|
| ചെയർപേഴ്സൺ | : | മാഗി ജോൺസൺ (വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | ജയകൃഷ്ണൻ |
| കൺവീനർ | : | ഡോ. ബാസ്റ്റിൻ വർഗ്ഗീസ് കെ (മെഡിക്കൽഓഫീസർപിഎച്ച്സി) |

10. കുടിവെള്ളം ശുചിത്വം

| | | |
|---|---|---|
| ചെയർപേഴ്സൺ | : | സ്മിത ഷാജി ( വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | സൈഫുദ്ദീൻ കറപ്പംവീട്ടിൽ |
| കൺവീനർ | : | അരുൺ ഇ. (അസി.എഞ്ചിനിയർ LSGD) |

11. വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യവും

| | | |
|---|---|---|
| ചെയർമാൻ | : | നാൻസി ആന്റണി (വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | പി.കെ. വത്സൻ |
| കൺവീനർ | : | ഷീജ സി.പി. (എച്ച്എം. ജി.യു.പി.എസ്, ചൂണ്ടൽ) |

12. പൊതുമരാമത്ത്

| | | |
|---|---|---|
| ചെയർമാൻ | : | ജിഷ്ണു എൻ.എസ്. (16-ാം വാർഡ് മെമ്പർ) |
| വൈസ് ചെയർമാൻ | : | ബഷീർ |
| കൺവീനർ | : | അരുൺ ഇ. (അസി. എഞ്ചിനിയർ LSGD) |

12. ജൈവ വൈവിധ്യ മാനേജ്മെന്റ്-കാലാവസ്ഥ വ്യതിയാനം

| | | |
|---|---|---|
| ചെയർമാൻ | : | രേഖ സുനിൽ (പ്രസിഡന്റ്) |
| കൺവീനർ | : | ശാന്തി ജി. (സെക്രട്ടറി ഇൻചാർജ്ജ്) |

## ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രം
2. പി.എച്ച്.സി. സബ് സെന്ററുകൾ
3. ആയുർവേദ ആശുപത്രി
4. കൃഷിഭവൻ
5. പഞ്ചായത്ത് സാസ്കാരികനിലയം
6. വി.ഇ.ഒ. ഓഫീസുകൾ
7. അംഗൻവാടികൾ
8. ഗവ. എൽ.പി.സ്കൂൾ, കേച്ചേരി
9. ഗവൺമെന്റ് യു.പി.സ്കൂൾ, ചൂണ്ടൽ

# ആസൂത്രണസമിതി അംഗങ്ങൾ

| ചെയർപേഴ്സൺ | കൺവീനർ | വൈസ് ചെയർമാൻ | പ്ലാൻ ഫെസിലിറ്റേറ്റർ |
|---|---|---|---|
| രേഖ സുനിൽ | ഉണ്ണി കെ.ഇ. | ടി.സി.സെബാസ്റ്റ്യൻ | പി.കെ.വത്സൻ |

*അംഗങ്ങൾ*

1. സുനിത ഉണ്ണികൃഷ്ണൻ, 2. ഹസന്നുൽ ബന്ന, 3. ലീല വി.പി., 4. പി.ടി.ജോസ്

5. എം.ബി. പ്രവീൺ, 6. ടി.പി. റാഫേൽ 7. സി.ഡി. വാസുദേവൻ, 8. ജിജു മാസ്റ്റർ

9. പി.കെ.വത്സൻ (കില R.P.) 10. പി.കെ.രാജൻ മാസ്റ്റർ (കില R.P.),

11. എ. ജയകൃഷ്ണൻ, 12. സച്ചിൻ പ്രകാശ്, 13. കെ.എസ്. കരീം, 14. പി. മാധവൻ,

15. സെബാസ്റ്റ്യൻ ചുണ്ടൽ, 16. എം.പീതാംബരൻ

## പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻചാർജ്ജ് | : | ശാന്തി ജി. |
| അസി. സെക്രട്ടറി | : | ബിന്ദു ജോസഫ് |
| കൃഷി ഓഫീസർ | : | ഭുവന സി.എം. |
| അസി. എഞ്ചിനിയർ LSGD. | : | അരുൺ ഇ. |
| മെഡിക്കൽ ഓഫീസർ PHC | : | ഡോ. ബാസ്റ്റിൻ വർഗ്ഗീസ് കെ. |
| മെഡിക്കൽ ഓഫീസർ ISM | : | ഡോ. ജോസു ലക്ഷ്മി വി.വി. |
| മെഡിക്കൽ ഓഫീസർ HOMEO | : | ഡോ. പ്രേം ദീസ്ന പ്രീതം |
| വെറ്ററിനറി സർജൻ | : | ഡോ. പ്രിയ പി. |
| ഹെഡ്മിസ്ട്രസ്സ് GUPS കേച്ചേരി | : | ഷീജ സി.പി. |
| ICDS സൂപ്പർവൈസർ | : | ഷൈനി സി.ജെ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ലിജി ഇ.പി. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | : | പ്രിയ യു. |
| ഡയറിഫാം ഇൻസ്ട്രക്ടർ | : | ജിഷ കെ.ജി. |
| അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | : | ടോണി ജോസഫ് |

# കുടുംബശ്രീ ഭാരവാഹികൾ

| | | |
|---|---|---|
| ജിഷ സുനിൽകുമാർ | : | ചെയർപേഴ്സൺ |
| സിജി സി.ജെ. | : | വൈസ് ചെയർപേഴ്സൺ |
| സുമ പ്രദീപ് | : | സി.ഡി.എസ്. |
| ഗിരിജ പ്രകാശൻ | : | സി.ഡി.എസ്. |
| രൂപ രാജീവ് | : | സി.ഡി.എസ്. |
| സ്വാതി സന്തോഷ് | : | സി.ഡി.എസ്. |
| നിഷ സത്യൻ | : | സി.ഡി.എസ്. |
| ഷൈനി നിക്സൺ | : | സി.ഡി.എസ്. |
| ലൈല സുലൈമാൻ | : | സി.ഡി.എസ്. |
| രാധ | : | സി.ഡി.എസ്. |
| സിനി പ്രസാദ് | : | സി.ഡി.എസ്. |
| കോമളം കൃഷ്ണൻ | : | സി.ഡി.എസ്. |
| ജ്യാതി | : | സി.ഡി.എസ്. |
| സീന സുരേഷ് | : | സി.ഡി.എസ്. |
| ഷീല സുരേഷ് | : | സി.ഡി.എസ്. |
| അമൃത സജീവ് | : | സി.ഡി.എസ്. |
| സബിത ഉണ്ണികൃഷ്ണൻ | : | സി.ഡി.എസ്. |
| രാജശ്രീ | : | സി.ഡി.എസ്. |

## കൺവീനർമാർ

| | | |
|---|---|---|
| സിജി സി.ജെ. | : | മൈക്രോ ഫിനാൻസ് |
| സിനി പ്രസാദ് | : | അടിസ്ഥാന സൗകര്യം |
| സബിത ഉണ്ണികൃഷ്ണൻ | : | ഉപജീവന ഉപസമിതി |
| കോമള കൃഷ്ണൻ | : | സാമൂഹ്യ വികസന ഉപസമിതി |
| ഷൈനി നിക്സൺ | : | തൊഴിലുറപ്പ് |
| സുമി സി.എസ് | : | എക്കൗണ്ടന്റ് |

## എക്സ് ഓഫീഷ്യോ അംഗങ്ങൾ

കാഞ്ചന റോയ്

സാലി ഡാനിയേൽ

# ചൂണ്ടൽ ഗ്രാമപഞ്ചായത്ത്
# ഓഫീസ് ജീവനക്കാർ

| | | |
|---|---|---|
| 1. | ഉണ്ണി കെ. ഇ. | സെക്രട്ടറി |
| 2. | ബിന്ദു ജോസഫ് | അസി. സെക്രട്ടറി |
| 3. | ശാന്തി ജി. | ഹെഡ് ക്ലർക്ക് |
| 4. | ജുബീന എം. എം. | അക്കൗണ്ടന്റ് |
| 5. | ലയന | സീനിയർ ക്ലർക്ക് |
| 6. | റീജ സി. ജെ. | സീനിയർ ക്ലർക്ക് |
| 7. | ആര്യ സി. എസ്. | ക്ലർക്ക് |
| 8. | ലക്ഷ്മി ഇ. | ക്ലർക്ക് |
| 9. | അഞ്ജന | ക്ലർക്ക് |
| 10. | ശരത് ചന്ദ്രൻ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 11. | ഷെറീന എ. | ഓഫീസ് അസിസ്റ്റന്റ് |
| 12. | ബ്രേഫിൻ റാഫേൽ | ഓഫീസ് അസിസ്റ്റന്റ് |
| 13. | നിമ്മി കെ. പി. | ഡാറ്റ എൻട്രി ഓപ്പറേറ്റർ |
| 14. | നിമിഷ വി. കൃഷ്ണൻ | അസി. എഞ്ചിനിയർ (LSGD) |
| 15. | ഫഹദ് | ഓവർ സിയർ ഗ്രേഡ് I (LSGD) |
| 16. | സുമി | കുടുംബശ്രീ അക്കൗണ്ടന്റ് |
| 17. | ലിസി എം. വി. | പാർട്ട് ടൈം സ്വീപ്പർ |
| 18. | നൗഷാദ് പി. ബി. | ഡ്രൈവർ |
| 19. | ഫിജിൻ ജോണി | പ്രൊജക്ട് അസിസ്റ്റന്റ് |
| 20. | മേരി ജിഷ | ഹെൽത്ത് ഇൻസ്പെക്ടർ |
| 21. | ആതിര രാമചന്ദ്രൻ | EDE |
| 22. | ത്രേസ്യാമ്മ | സാക്ഷരത പ്രേരക് |

# സാമൂഹ്യ സാസ്കാരിക ചരിത്രം

ഇന്നത്തെ തലപ്പിള്ളി താലൂക്കിന് പുറമെ പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള തീര പ്രദേശവും കൂടി ഉൾപ്പെട്ട 74 വില്ലേജുകൾ അന്ന് തലപ്പിള്ളി രാജവംശത്തിന് കീഴിലായിരുന്നു. അവരുടെ തലസ്ഥാനമാകട്ടെ ഇന്ന് ചിറ്റിലപ്പിള്ളി എന്നറിയപ്പെടുന്ന ചിറ്റുതലപ്പിള്ളി ആയിരുന്നു. സംഘകാലകൃതികളിൽ ഊര്, പട്ടണം, തെരുവ്, ചേരി എന്നെല്ലാം ചേർത്താണ് പ്രധാന സ്ഥലങ്ങൾക്ക് പേര് നൽകിയിരുന്നത്. തലപ്ബിള്ളി രാജവംശത്തിന് കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ വടക്കുള്ള വടക്കാം ചേരിക്കും, കീഴ്ഭാഗത്തുള്ള കീഴ്ചേരി എന്നറിയപ്പെടുന്ന ഇന്നത്തെ കേച്ചേരിക്കും അന്നേ വൻ വാണിജ്യപ്രാധാന്യമുണ്ടായിരുന്നു. ഇതിനോട് ചേർന്ന് കിടക്കുന്ന അന്നത്തെ 16 വില്ലേജുകൾ ഉൾപ്പെട്ട ചൂണ്ടൽ പ്രവിശ്യ അഥവാ ചൂണ്ടൽ പ്രവൃത്തി എന്നൊക്കെ അറിയപ്പെട്ടിരുന്ന ചൂണ്ടൽ ആസ്ഥാനമായ പ്രദേശം പണ്ടുമുതലേ സമ്പന്നമായിരുന്നു എന്ന് പ്രശസ്ത ചരിത്രകാരനായ വി.വി.കെ. വാലത്ത് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ' എന്ന പുസ്തകത്തിൽ പറയുന്നു.

വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കാലത്ത് പഞ്ചായത്തുകളെ ഗ്രേഡ് ചെയ്തിരുന്നു. ഇതിൽ മലബാർ എന്നും കൊച്ചി എന്നും പ്രദേശങ്ങൾ വിഭജിക്കപ്പെട്ടിരുന്നതിൽ കൊച്ചി പ്രദേശത്ത് മൂന്ന് ഗ്രേഡ് വൺ പഞ്ചായത്തുണ്ടായിരുന്നതായും അതിലൊന്നായിരുന്നു ചൂണ്ടൽ എന്നും ചരിത്രകാരന്മാർ അവകാശപ്പെടുന്നുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് വളരെ മുമ്പു തന്നെ ഇവിടെ ചൂണ്ടൽ മാതൃകാ പഞ്ചായത്ത് രൂപം കൊണ്ടിരുന്നു. ഇന്നത്തെ കണ്ടാണശ്ശേരി കൂടി ഉൾപ്പെട്ടതായിരുന്നു അന്നത്തെ ചൂണ്ടൽ പഞ്ചായത്ത്. ഈ പഞ്ചായത്തിന് അന്നുതന്നെ പ്രസിഡണ്ട് വൈസ് പ്രസിഡണ്ട്, മെമ്പർമാർ എന്നിവരുണ്ടായിരുന്നു. കണ്ടെഴുത്തും കേട്ടെഴുത്തും പ്രകാരംഭൂമിയുടെ കൈവശാവകാശം തിട്ടപ്പെടുത്തി റവന്യൂ നികുതി അടയ്ക്കുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. ഈ നികുതി അടയ്ക്കുന്നവർക്ക് മാത്രമായിരുന്നു അന്ന് വോട്ടവകാശം ഉണ്ടായിരുന്നത്. എല്ലാവരും കൂടിയിരുന്ന് കൈപൊക്കി കാണിച്ചായിരുന്നു മെമ്പർമാരെ തെരഞ്ഞെടുത്തിരുന്നത്. ഇതിനുപുറമെ നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന പറോത്തിക്കാരൻ എന്നറിയപ്പെടുന്ന വില്ലേജ് ഓഫീസറും കൂടി ഉൾപ്പെട്ടതായിരുന്നു അന്നത്തെ ഭരണസമിതി. മാസത്തിലൊരിക്കലായിരുന്നു അന്ന് സാധാരണ മീറ്റിംഗുകൾ കൂടിയിരുന്നത്. സാധാരണ മീറ്റിംഗുകളിൽ മൂന്നിലൊന്ന് സ്പെഷ്യൽ മീറ്റിംഗുകളിൽ രണ്ടിലൊന്നുമായിരുന്നു. അന്നത്തെ കോറം. അത്യാവശ്യഘട്ടങ്ങളിൽ പ്രസിഡണ്ടിനോ എക്സിക്യൂട്ടീവ് അതോറിറ്റിക്കോ മുൻകൂട്ടി അനുവാദം വാങ്ങാതെ തന്നെ പ്രവൃത്തികൾ നടത്താൻ കഴിയുമായിരുന്നു. പക്ഷെ അടുത്ത മീറ്റിംഗിൽ അത് അവതരിപ്പിച്ച് അംഗീകാരം നേടണമെന്നത് നിർബന്ധമായിരുന്നു. എല്ലാവർഷവും ഓഡിറ്റ് നടത്താൻ ലോക്കൽ ഫണ്ട് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. കാഞ്ഞിങ്ങാട്ട് ശങ്കരൻ നായർ, ചൂണ്ടൽ പരുവക്കാട്ട് അപ്പുമേനോൻ, മറ്റം ചെമ്പ്ര ഐപ്പുണ്ണി എന്നിവർ ആദ്യകാല പ്രസിഡണ്ടുമാരും അവർക്ക്ശേഷം നോമിനേഷൻ സമ്പ്രദായം നില

വിൽ വന്നതോടെ സി.സി. തോമസ് മാസ്റ്റർ, പാറന്നൂർ പുറവൂർ കേശവകൈമൾ എന്നിവരും പ്രസിഡണ്ടുമാരായിട്ടുണ്ട്. അന്ന് പഞ്ചായത്ത് കെട്ടിടം നിലനിന്നിരുന്നത് എടവന ഗണേശൻ നമ്പൂതിരി സൗജന്യമായി നൽകിയതും ഇന്ന് വില്ലേജ് ഓഫീസ് നിലനിൽക്കുന്നതുമായ സ്ഥല ത്തായിരുന്നു.

തുടർന്ന് കൊച്ചി ആസ്ഥാനമായി കൊച്ചി പ്രജാമണ്ഡലം രൂപംകൊള്ളുകയും ചൂണ്ട ലിൽ നിന്നും നിരവധി പേർ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയാവുകയും ചെയ്തു. 1947ൽ ഭാരതം സ്വതന്ത്രമായതിനുശേഷം ചൂണ്ടലിനെ പുനർവിഭജനം നടത്തുകയും 1952-53ൽ തലപ്പിള്ളി താലൂക്കിന് കീഴിൽ ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ വില്ലേജുകളടങ്ങുന്ന ഇന്നത്തെ ചൂണ്ടൽ പഞ്ചായത്ത് നിലവിൽ വരികയും ചെയ്തു. 1953ൽ നടന്ന തെരഞ്ഞെടുപ്പിൽ ടി ജോസഫ് ജോർജ്ജ് പ്രസിഡണ്ടായി ആദ്യത്തെ ജനകീയ സമിതി അധികാരത്തിൽ വന്നു. 1960 ജനുവരി പതിനെട്ടിന് എറണാകുളത്ത് വെച്ച് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായി രുന്ന ശ്രീ. ജവഹർലാൽ നെഹ്റു കേരളത്തിൽ പഞ്ചായത്തീരാജിന്റെ ഔദ്യോഗിക പ്രഖ്യാ പനം നടത്തിയതോടെ എല്ലാ പഞ്ചായത്തുകളും പുതിയ നിയമ സംവിധാനത്തോടെ പ്രവർത്തനം തുടങ്ങി. 1976ൽ ചൂണ്ടൽ പഞ്ചായത്തിന്റെ ആസ്ഥാനം ഇന്നത്തെ കേച്ചേരിയി ലേക്ക് മാറ്റി വാടകക്കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. 1984 ആഗസ്റ്റ് പഞ്ചായത്ത് പുതുതായി നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി.

തൃശൂരിൽ നിന്നും 17 കി.മീ. വടക്കുമാറി സ്ഥിതി ചെയ്യുന്ന ചൂണ്ടൽ പഞ്ചായത്ത് അക്ഷാംശം വടക്ക് 10 36'നും 10 30 വടക്കിനും ഇടയിൽ പൂർവ്വ രേഖാംശം 76' 0' 41" കിഴ ക്കിനും 76' 8' 47.5' ഇടയിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ പ്രദേശത്ത് ഏറ്റവും ഉയര ത്തിൽ നിൽക്കുന്ന പെരുമല കുന്നിന് സമുദ്രനിരപ്പിൽ നിന്നും 87 മീറ്റർ ഉയരമുണ്ട്. എന്നാൽ ഏറ്റവും താഴ്ന്ന പ്രദേശമായ പറപ്പൂർ കായൽ സമുദ്ര നിരപ്പിൽ നിന്നും 1 മീറ്റർ ഉയരത്താണ്. പഞ്ചായത്തിന്റെ ചെരിവ് 2 മുതൽ 25 വരെ വടക്ക് കിഴക്ക് ഭാഗത്തുനിന്നും തെക്ക് പടിഞ്ഞാ റോട്ടാണ്. ഇവിടെ 45% പ്രദേശം എക്കൽ മണ്ണും, 25% പ്രദേശം ചരലും, 25% പ്രദേശം ചെങ്ക ല്ലും, 5% പ്രദേശം പാറയുമാണ്. ഇതൊരു കാർഷിക പ്രദേശമാണ്. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കശുമാവ്, മരച്ചീനി, പച്ചക്കറികൾ, പശു, ആട്, കോഴി എന്നിവയാണ് പ്രധാനകൃഷി. അതിവിടെ ഒരു സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്തിപ്പോരുന്നു. മാർച്ച് മുതൽ മെയ് വരെ നല്ല ചൂടുള്ള കാലാവസ്ഥയും, ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്ക് പടിഞ്ഞാറൻ മൺസൂൺ അഥവാ കാലവർഷവും ഒക്ടോബർ മുതൽ നവംബർ വരെ വടക്കു കിഴക്കൻ മൺസൂൺ അഥവാ തുലാവർഷവും, ഡിസംബർ മുതൽ ഫെബ്രുവരി വരെ നല്ല തണുപ്പുള്ള മഞ്ഞുകാലവുമാണ്.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം ആറായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന മച്ചാട് മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന കേച്ചേരി പുഴയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന പെരുമല കുന്നും ചൂണ്ടൽകുന്നും അവിടെ യഥേഷ്ടം പുഴയ്ക്ക് കുറുകെ കടന്നുപോകുന്ന ദേശീയപാതയും, അതിനിരുഭാഗത്തുമുള്ള നെൽവയലുകളും നിരവധി തോടുകളും, കാവുക ളും, കുളങ്ങളും ചൂണ്ടൽപാറയും, ചിറനെല്ലൂർ കോട്ടയുടെ അവശിഷ്ടങ്ങളും പാറന്നൂർ ചിറയും

ഉൾക്കൊള്ളുന്നു.

ആയുർവേദ ചികിത്സാരംഗത്തും ചൂണ്ടലിന് എക്കാലത്തും അഭിമാനിക്കാവുന്നവരാണ് അഷ്ടവൈദ്യന്മാരിലെ ഒരു കുടുംബമായ ആലത്തിയൂർ നമ്പിയുടെ കുടുംബം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാലയിൽ പോലും ആലത്തിയൂർ നമ്പിയെ പരാമർശിക്കുന്നുണ്ട്. ബലാചികിത്സാ രംഗത്തും നേത്രചികിത്സാരംഗത്തും പ്രകാശിച്ചുനിൽക്കുന്ന കൊടയ്ക്കാട് വൈദ്യകുടുംബവും ചൂണ്ടലിന്റെ പേര് വാനോളം ഉയർത്തിയിട്ടുണ്ട്. മറ്റ് നിവരവധി വൈദ്യകുടുംബങ്ങളുടെയും, നേത്രചികിത്സകരുടെയും വിഷ ചികിത്സകരുടെയും നാട് കൂടിയാണിത്. ഏതുതരം അസ്ഥിരോഗങ്ങൾക്കും പച്ചമരുന്നുകളും ഉഴിച്ചിൽ പിഴിച്ചിൽ തുടങ്ങിയ ചികിത്സാ രീതിയിലൂടെ ഭേദമാക്കിയിരുന്ന പന്തീരായിൽ അപ്പുട്ടി വൈദ്യരും, വിഷചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന പാറന്നൂർ ചെറുവത്തൂർ മാത്തു, വറീത് തുടങ്ങിയവരുംസ പെരുമണ്ണ് എടയ്ക്കാടത്ത് കുടുംബക്കാരും ചൂണ്ടൽ പുലോത്ത് കൃഷ്ണന്ഡ നായർ എന്നീ വിഷവൈദ്യരും, മൃഗചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന ചൂണ്ടൽ ഇട്ട്യേച്ചൻ വൈദ്യർ, തോമ വൈദ്യർ, ചാക്കുണ്ണി വൈദ്യർ, പറപ്പൂപറമ്പിൽ ഇറ്റാമകുട്ടി വൈദ്യർ, തലക്കോട്ടുകര ഗോവിന്ദൻ വൈദ്യർ, കുട്ടൻ വൈദ്യർ, തെക്കേക്കര ചേറുകുട്ടി എന്നിവരെല്ലാം ചികിത്സാരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രശസ്ത കവി യൂസഫലി കേച്ചേരി, ആനചികിത്സാവിദഗ്ധൻ ഡോ. രാധാകൃഷ്ണൻ കൈമൾ, സംസ്കൃത പണ്ഡിതൻ ഇ.പി.ഭരതപിഷാരടി, ഭാഷാപണ്ഡിതനും പത്രാധിപരുമായിരുന്ന പി.ടി.ലാസർ, പ്രശസ്ത ചിത്രകാരൻ സി.എൽ. ചിത്രകാരൻ എന്നിവരെല്ലാം നമ്മുടെ പഞ്ചായത്തിന്റെ പ്രശസ്തിയുയർത്തിയവരാണ്.

1953 മുതൽ 2017 വരെ 9 ഭരണസമിതികളാണ് ചൂണ്ടൽ പഞ്ചായത്തിൽ ഭരണം നടത്തിയത്. 9 ഭരണസമിതികളിലായി 15 പ്രസിഡന്റുമാരാണ് ഉണ്ടായിട്ടുള്ളത്. 1953 മുതൽ 1962 വരെ ടി. ജോസഫ് ജോർജ്ജും 1964 മുതൽ 1979 വരെ കെ.പി. അരവിന്ദാക്ഷനും 1979 മുതൽ 1988 വരെ എ. എം ഷൺമുഖനും 88 മുതൽ 95 വരെ വി.പി. പോൾ, എം.എ. സുബ്രഹ്മണ്യൻ, പി. മാധവൻ എന്നിവരും 96 മുതൽ 2000 വരെ സുമ മോഹൻദാസ്, എം. പി. മേരി ടീച്ചർ, സുഭദ്ര സുബ്രഹമണ്യൻ എന്നിവരും 2000 മുതൽ 2005 വരെ എം. എ. സുബ്രഹ്മണ്യൻ, കൊച്ചുറാണി ജോയ്, ജോസ്പോൾ ടി. എന്നിവരും 2005 മുതൽ 2010 വരെ കെ.പി. രമേഷും, 2011 മുതൽ 2015 വരെ സെഫിയ ഇബ്രാഹിമും, 2016 മുതൽ കെ.എസ്. കരീമുമാണ് പ്രസിഡന്റുമാർ. ഏറ്റവും കൂടുതൽ കാലം പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചത്. ശ്രീ. കെ.പി. അരവിന്ദാക്ഷനാണ്. 16 വർഷം.

1953 – 1996 വരെയുള്ള 43 വർഷക്കാലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിമിത അധികാരം മാത്രമുള്ള ഒരു സ്ഥാപനം മാത്രമായിരുന്നു. എന്നാൽ ഇക്കാലയളവിൽ പരിമിതികൾക്കുള്ളിൽ നിന്നും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അന്നത്തെ ഭരണസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ഇന്നുള്ള പല സ്ഥാപനങ്ങളും നിലവിൽവന്നത് ഇക്കാലയളവിലാണ്. പഞ്ചായത്തിലെ ഭൂരഹിതരും ഭവനരഹിതരുമായവർക്കുവേണ്ടി സ്ഥലം വാങ്ങി 4 സെന്റ് വീതം പതിച്ചു നൽകി 5 കോളനികൾ

ആരംഭിച്ചത് ഈ കാലയളവിലാണ്. പഞ്ചായത്തിൽ ഇന്നുള്ള ഭൂരിപക്ഷം സർക്കാർ ഓഫീസുകളും പ്രവർത്തനം തുടങ്ങിയത് ഇക്കാലത്താണ്.

വൈദ്യുതി, ഗതാഗതം, കുടിവെള്ളം എന്നീ മേഖലകളിൽ ഈ കാലയളവിൽ ഏറെ മുന്നേറുവാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മഹാഭൂരിപക്ഷം പ്രദേശത്തും തെരുവു വിളക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. പഞ്ചായത്തിലെ 90% ശതമാനത്തിലധികം ഗ്രാമീണ റോഡുകളും ടാറിങ്ങ് പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികജാതി കോളനികളിലെ മുഴുവൻ റോഡുകളും ടാറിങ്ങ് പൂർത്തിയായി കഴിഞ്ഞു. പഞ്ചായത്തിൽ18 വാർഡുകളിലായി 32 സ്വാശ്രയകുടിവെള്ള പദ്ധതികളുണ്ട്. K.W.A. യുടെ പൈപ്പ് ലൈനുകളും പഞ്ചായത്തിന്റെ 80% പ്രദേശത്തും ഉണ്ട്. എന്നാൽ കുടിവെള്ള രംഗത്ത് ഇപ്പോഴും വലിയ പ്രതിസന്ധി നേരിടുകയാണ്. നിലവിൽ പഞ്ചായത്തിന്റെ 80% പ്രദേശവും വരൾച്ച ബാധിതപ്രദേശമാണ്. ഈ അവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കണം. ഭവനനിർമ്മാണരംഗത്ത് നിരവധിയാകുന്ന പദ്ധതികൾ പിന്നിട്ട നാളുകളിൽ നടത്തിയെങ്കിലും ഇപ്പോഴും നിരവധി പേർ സ്വന്തമായി വീടില്ലാത്തവരായിട്ടുണ്ട്. ഭൂമിക്ക് രേഖയില്ലാതെ പുറമ്പോക്കിലും മിച്ചഭൂമിയിലും കൂര വച്ച് താമസിക്കുന്ന വലിയൊരു വിഭാഗം ആളുകൾ ഉണ്ട്. കാർഷിക മേഖലയിൽ ഇക്കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഈ രംഗത്ത് സ്വയം പര്യാപ്തതയിൽ എത്താൻ ഏറെ പ്രവർത്തനങ്ങൾ ആവശ്യമാണ്. കൃഷിഭൂമിയുടെ അളവിൽ വരുന്ന കുറവ് ഗൗരവമായി കാണുന്നു. കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത വൻതോതിൽ വർദ്ധിച്ചുവന്നതാണ് ഇതിനു കാരണം. ജലസേചനസൗകര്യത്തിന്റെ അഭാവവും ഉൽപ്പന്നങ്ങൾക്ക് വിലയില്ലാത്തതും വിദഗ്ധ തൊഴിലാളികളുടെ അഭാവവും ഇതിന് ഒരു പ്രധാന കാരണമാണ്. വിദ്യാഭ്യാസ രംഗത്ത് ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ് പിന്നിട്ടത്. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ കാലയളവിൽ വന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി നിരവധിയാകുന്ന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ട്. 1997 ൽ കേരളത്തിൽ നടന്ന സാക്ഷരതാ യജ്ഞം നമ്മുടെ പഞ്ചായത്തിലും വൻവിജയമായിവരുന്നു. 94% പേർ സാക്ഷരരാണ്.

ചരിത്രത്തിൽനിന്ന് ഊർജ്ജം സംഭരിച്ച് ലക്ഷ്യത്തിലേക്ക് നമുക്കൊരുമിച്ച് മുന്നേറാം.

## അവതാരിക

കേരള പഞ്ചായത്ത് രാജ് ആക്ട്-വകുപ്പ് 272 എ(2) പ്രകാരം പ്രസിദ്ധീകരിക്കുന്ന ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖയ്ക്ക് ഒരു വർഷം പ്രാബല്യമുണ്ടായിരിക്കും.

പഞ്ചായത്ത് ഓഫീസിൽ നിന്നും പഞ്ചായത്തിനു കീഴിലുള്ള കൃഷിഭവൻ, പ്രൈമറി ഹെൽത്ത് സെന്റർ, മൃഗാശുപത്രി, ആയുർവേദ ആശുപത്രി, ഐ.സി.ഡി.പി. ഉപകേന്ദ്രം, അംഗൻവാടികൾ എന്നിവയിൽ നിന്നും വി.ഇ.ഒ.മാർ എന്നിവരിൽ നിന്നും നിയമപ്രകാരം ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ വിശദീകരിക്കുന്ന ഒരു പൗരാവകാശരേഖ ഫലപ്രദമാക്കും.

നിയമപ്രകാരം പൗരന്മാർക്ക് അർഹതപ്പെട്ട അവകാശങ്ങൾ തിരിച്ചറിയുകയും അവ ലഭ്യമാക്കാൻ പൗരന്മാർ പാലിക്കേണ്ട നിബന്ധനകൾ പഠിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പൗരാവകാശരേഖ കാര്യക്ഷമമായി നടപ്പാക്കാൻ എല്ലാവിഭാഗം ഉദ്യോഗസ്ഥരുടേയും കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ പൗരന്മാരുടേയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സൗജന്യമായോ ഫീസ് ഈടാക്കിയോ നൽകുന്ന സാമ്പത്തിക സഹായങ്ങളും പരിമിതമായ ചികിത്സാസഹായം ഏതെങ്കിലും കാര്യത്തിനായുള്ള അനുവാദമോ, ലൈസൻസോ സർട്ടിഫിക്കറ്റോ, രജിസ്ട്രേഷനോ പഞ്ചായത്ത് നൽകുന്ന സേവനങ്ങളും അവ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വ്യക്തമാക്കുന്ന രേഖയാണ് പഞ്ചായത്ത് പൗരാവകാശരേഖ.

ഈ പൗരാവകാശരേഖ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവേകപൂർവ്വം സഹകരിക്കുന്നതിനും ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എല്ലാ പൗരനും ലഭിക്കുന്നതിനും ഗ്രാമപഞ്ചായത്തിനുള്ളിലെ സന്നദ്ധ സാംസ്കാരിക-രാഷ്ട്രീയ-ബഹുജന സംഘടനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നിങ്ങളുടെ ഏവരുടേയും അറിവിലേക്കായി ആദരവോടെ ഈ രേഖ സമർപ്പിക്കുന്നു.

രേഖ സുനിൽ
പ്രസിഡന്റ്

ഉണ്ണി കെ.ഇ.
സെക്രട്ടറി

***പൊതുനിർദ്ദേശങ്ങൾ***

1. പഞ്ചായത്തിൽ നൽകുന്ന അപേക്ഷകളിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം. പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ സ്റ്റാമ്പ് പതിക്കേണ്ടതില്ല. പകരം അവരുടെ ജാതിവിവരം അപേക്ഷയിൽ കാണിച്ചിരിക്കണം.
2. ഫീസ് നിരക്കുകൾ മാറ്റത്തിന് വിധേയമാണ്.
3. സമയപരിധി സമയത്ത് രേഖപ്പെടുത്തിയിട്ടുള്ളത്.
4. 5000 രൂപ മുതലുള്ള പണമിടപാടിന്റെ കൈപ്പറ്റു രശീതിയിൽ ഒരു രൂപ റവന്യൂ സ്റ്റാമ്പ് പതിക്കണം.

## ചുണ്ടൽ പഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

### (1) പ്രസിഡണ്ട് നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | സ്വഭാവ സർട്ടിഫിക്കറ്റ് | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ സമീപിക്കുക. | തത്സമയം | ഇല്ല |
| 2. | ഉദ്യോഗ നിയമനത്തോടനുബന്ധിച്ച് നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 3. | റേഷൻ കാർഡിൽ പേരുൾപ്പെടുത്തുന്നതിനും പുതിയകാർഡിനപേക്ഷിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷവാർഡ് മെമ്പറുടെ പരിചയപ്പെടുത്തിൽ കുറിപ്പ് ബന്ധപ്പെട്ട റേഷൻകാർഡുകൾ എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 4. | തൊഴിൽരഹിതനാണെന്ന സർട്ടിഫിക്കറ്റ് | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 5. | പേരിലോ വീട്ടുപേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽകാർഡ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷവാർഡ് മെമ്പറുടെ അഭിപ്രായകുറിപ്പ് മറ്റുബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 6. | ലൈഫ് സർട്ടിഫിക്കറ്റ് | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 7. | റജിസ്റ്റർ ചെയ്യാത്ത സാഹചര്യങ്ങളിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷവാർഡ്മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നൽകുക. | തത്സമയം | ഇല്ല |
| 8. | രജിസ്റ്റർ ചെയ്യാത്ത കേസിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ ഓഫീസ് സമയത്ത് സമീപിക്കുക. | തത്സമയം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 9. | പിൻതുടർച്ചാവകാശസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പിൻതുടർച്ചാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയും വാർഡ് മെമ്പറുടെ ശുപാർശക്കുറിപ്പ് സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് നൽകുക | തത്സമയം | ഇല്ല |
| 10. | വയസ്സ് തെളിയിക്കുന്ന രേഖകളോ, സർട്ടിഫിക്കറ്റോ ഇല്ലാത്ത സാഹചര്യത്തിൽ പ്രായം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയും വാർഡ് മെമ്പറുടെ ശുപാർശക്കുറിപ്പ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് നൽകുക. | തത്സമയം | ഇല്ല |
| 11. | സ്റ്റേറ്റ്മെന്റുകളും പ്രസ്താവനകളും സത്യംബോധ്യപ്പെടുത്തൽ | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മുമ്പാകെ ഒപ്പിടുക. | തത്സമയം | ഇല്ല |
| 12. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പിന്റെ കാര്യത്തിൽ നേരിട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ മുമ്പാകെ ഒപ്പിടുകയും പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് അസ്സൽ ഹാജരാക്കുകയും ചെയ്യുക. | തത്സമയം | ഇല്ല |
| 13. | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാകുന്നതിനുള്ളകുടുംബബന്ധം സാക്ഷ്യപ്പെടുത്തുകൊണ്ടുള്ള സർട്ടിഫിക്കറ്റ് | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിച്ച് പ്രസിഡണ്ട് മുമ്പാകെ ഒപ്പിടുക | തത്സമയം | ഇല്ല |
| | **ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ** | | | |
| 1. | കെട്ടിട ഉടമാവകാശ സർട്ടിഫിക്കറ്റ് | കെട്ടിട നമ്പർ രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക | തത്സമയം | ഇല്ല |
| 2. | താമസക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | കെട്ടിട നമ്പർ രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക | 3 പ്രവർത്തി ദിവസം | ഇല്ല |
| 3. | വാസയോഗ്യമായ വീടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | അപേക്ഷകന്റെയും കുടുംബത്തിന്റെയും പേരും, കെട്ടിട നമ്പറും രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ പതിച്ച് സെക്രട്ടറിക്ക് സമർപ്പിക്കണം. | 3 പ്രവർത്തി ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 4. | നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ആധാരം ഒറിജിനൽ, ഫോട്ടോ കോപ്പി കൈവശ സർട്ടിഫിക്കറ്റ്, വില്ലേജിൽ നികുതി അടച്ച രശീതി, കെട്ടിടത്തിന്റെ പ്ലാൻ | 10 ദിവസം | ഇല്ല |
| 5. | ബിൽഡിംങ് പെർമിറ്റ് (300 ച.മി. കൂടുതലുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾ, താമസാവശ്യത്തിനല്ലാത്ത മറ്റു കെട്ടിടങ്ങൾ) | രേഖകൾ: 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് പെർമിറ്റ് അപേക്ഷയോടൊപ്പം 20 രൂപ അപേക്ഷാഫീസും വിശദമായ പ്ലാൻ 3 കോപ്പി, വില്ലേജിൽ നിന്നും ലഭിക്കുന്ന പൊസിഷൻ സർട്ടിഫിക്കറ്റ്, നികുതി, രശീതി, ആധാരത്തിന്റെ അസ്സൽ, ഫോട്ടോസ്റ്റാറ്റ്, പ്ലാൻ വരച്ച ലൈസൻസ്ഡ് എഞ്ചിനീയറുടെ റിന്യൂവൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓവർസീയർ 3 തവണ സ്ഥലം വെരിഫൈ ചെയ്യുന്നതായിരിക്കും കൈവശ ഗണങ്ങൾ മാറുന്നതനുസരിച്ച് ആവശ്യമായ മറ്റുരേഖകൾ കൂടി ഹാജരാക്കേണ്ടതാണ് | 30 ദിവസം | വിസ്തീർണ്ണത്തിനനുസരിച്ച് |
| 6. | പുതിയ കെട്ടിട നമ്പർ | വെള്ളക്കടലാസിലെഴുതിയ അപേക്ഷയിൽ അടുത്തവീട്ടുനമ്പർ രേഖപ്പെടുത്തണം 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം. കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ അസ്സൽ രേഖ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 15 ദിവസം | ഇല്ല |
| 7. | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ | കെട്ടിടനമ്പർ രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷയിൽ 5 രൂപ യുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം . അസ്സൽ ആധാരം രണ്ടാം കക്ഷിയുടെ സമ്മതപത്രം കൈവശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |
| 8. | കെട്ടിടത്തിന്റെ പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | കെട്ടിട നമ്പർ രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക്ക് സമർപ്പിക്കണം. | 7 ദിവസം | ഇല്ല |
| 9. | നികുതി ചുമത്തിയതിനെതിരെയുള്ള അപ്പീൽ | വെള്ളക്കടലാസിലെഴുതിയ അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |
| 10. | പട്ടികൾക്കും പന്നികൾക്കുമുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള ഉടമസ്ഥന്റെ അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് പ്രതിരോധകുത്തിവെപ്പ് നടത്തിയതിന് വെറ്റനറി സർജൻ നൽകിയ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 5 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 11. | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖ സഹിതം 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലൈസൻസിനുള്ള അപേക്ഷ സ്ഥലം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം, വാടകശീട്ട്, ലൈസൻസിനുള്ള അപേക്ഷ സഹിതം സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |
| 12. | മോട്ടോർ സ്ഥാപിക്കുന്നതിന് അനുവാദം നൽകൽ (സെക്ഷൻ 233) | (1) നിശ്ചിത ഫോറത്തിൽ 5. ക കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കുക. (2) സ്ഥലം കൈവശത്തിലാണെന്ന് തെളിയിക്കുന്ന രേഖകൾ (3) വ്യവസായ യൂണിറ്റിന്റെ 100 മീറ്റർ ചുറ്റളവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ സൈറ്റ് പ്ലാൻ (3 പകർപ്പുകൾ) മറ്റു വകുപ്പുകളിൽ നിന്ന് ആവശ്യമുള്ളതിന് ഓരോ വകുപ്പിനും രണ്ട് പകർപ്പുകൾവീതം അധികം വേണം ( 4) നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ മോട്ടോറുകളുടെ സ്ഥാനം നിർണ്ണയിച്ചുകൊണ്ടുള്ള പ്ലാൻ (5) 100 മീറ്റർ ചുറ്റളവിൽ ഉള്ളവരുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്.(6) സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ( ആവശ്യമുള്ള കേസുകളിൽ) | മറ്റ് പകർപ്പുകളുടെ അനുമതി ആവശ്യമില്ലാത്തതിന് 45 ദിവസവും, മറ്റ് പകർപ്പുകളുടെ അനുമതി ആവശ്യമുള്ളതിന് 60 ദിവസവും | മോട്ടോറുകളുടെ എച്ച്. പി. അനുസരിച്ച് സംഖ്യ വ്യത്യാസം |
| 13. | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽസ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനം നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | 200 രൂപ |
| 14. | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽസ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | 50 രൂപ |
| 15. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസവും മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | 200 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 16. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം 5 ക. യുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം | 30 ദിവസം | 50 രൂപ |
| 17. | റിക്കോർഡുകളുടേയും രജിസ്റ്ററുകളുടേയും പകർപ്പ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷ. ആവശ്യക്കാരന്റെ പേരും മേൽ വിലാസവും രേഖപ്പെടുത്തി ആവശ്യപ്പെടുന്ന റെക്കോർഡിന്റെ കഴിയുന്നത്ര ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം | 5 ദിവസം | നിശ്ചിത നിരക്കിൽ |
| 18. | 18. ജനനം, മരണം, നിർജ്ജീവ ജനനം രജിസ്റ്റർ ചെയ്യലും<br>12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് നൽകലും | പഞ്ചായത്തതിർത്തിക്കുള്ളിൽ വെച്ച് നടന്ന ജനന മരണങ്ങൾക്കുമാത്രം ബാധകം 21 ദിവസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് ഏറ്റവും അടുത്ത ബന്ധു ഒപ്പിട്ട് നൽകണം. | 7 പ്രവൃത്തി ദിവസം | ഇല്ല |
| 19. | അറിയിക്കാൻ താമസിക്കുന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ | (എ) 30 ദിവസം വരെ ലോക്കൽ രജിസ്ട്രാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രത്യേകാനുമതിയോടെ 12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല. 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ 2 രൂപ പിഴയടച്ച് രജിസ്റ്റർ ചെയ്യാം | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 5 രൂപ |
| | | (ബി) ഒരു വർഷം വരെ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രത്യേക അനുമതിയോടെ ( 12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല) 5 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. പൂരിപ്പിച്ച അപേക്ഷാഫോറം ഗസറ്റഡ് ഓഫീസർ ഒപ്പിട്ട സത്യവാങ്മൂലം എൻ.എ.സി.മാപ്പപേക്ഷ (2 കോപ്പി വീതം) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 5 രൂപ |
| | | (സി) ഒരു വർഷത്തിനുമേൽ താമസം നേരിട്ടത് തൃശ്ശൂർ റവന്യൂ ഡിവിഷൻ ആഫീസറുടെ അനുമതിയോടെ (12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല) 10 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യാം പൂരിപ്പിച്ച അപേക്ഷാഫോറം, ഗസറ്റഡ് ഓഫീസർ ഒപ്പിട്ട സത്യവാങ്മൂലം എൻ.എ.സി മാപ്പപേക്ഷ ( 3 കോപ്പി വീതം) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 5 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 20. | ജനന മരണ സർട്ടിഫിക്കറ്റുകൾ ജനന -മരണ രജിസ്ട്രേഷൻ ആക്ട് 17 പ്രകാരം | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് 20 രൂപയുടെ മുദ്രപത്രം സഹിതം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 7 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിലുള്ള പകർപ്പ് ഫീസും തെരച്ചിൽ ഫീസും. |
| 21. | ജനനം മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ജനനം/ മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖ സഹിതംസമർപ്പിക്കണം. | 15 പ്രവർത്തി ദിവസം | ജനനം മരണം നടന്ന വർഷം മുതൽ ഒരുവർഷത്തിന് 2 രൂപ നിരക്കിൽ |
| 22. | ജനന-മരണ രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ | 1. കുട്ടികൾക്ക് 5 വയസ്സുവരെ 5രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച രക്ഷിതാക്കളുടെ സംയുക്ത അപേക്ഷ<br>2. 5 വയസ്സിനുമേൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച രക്ഷിതാക്കളുടെ അപേക്ഷ. മാതാപിതാക്കൾക്ക് ജനിച്ച കുട്ടികളുടെ ജനനതിയതിയും ജനനക്രമവും ഉൾപ്പെടുത്തി അപേക്ഷകർ ഒപ്പിട്ട നിശ്ചിത മാതൃകയിലുള്ള സത്യാവാങ്മൂലം. | 7 പ്രവർത്തി ദിവസം | 5രൂപ<br>5രൂപ |
| 23. | ജനന/മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭിക്കാൻ | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും അപേക്ഷകന്റെ പേരിൽ വാങ്ങിയ 10 രൂപയുടെ മുദ്രപത്രവും നൽകണം. മുൻ കാലങ്ങളിൽ ഉള്ള സർട്ടിഫിക്കറ്റുകൾക്ക് തിരച്ചിൽ ഫീസും പകർപ്പ് ഫീസും ഒടുക്കണം. | 7 പ്രവർത്തി ദിവസം | |
| 24. | ഹിന്ദു മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ | പഞ്ചായത്ത് അതിർത്തിയിൽ നടന്ന വിവാഹങ്ങൾ വിവാഹ തിയ്യതി മുതൽ 30 ദിവസത്തിനുള്ളിൽ വധൂവരന്മാർ രണ്ട് സാക്ഷികൾ സഹിതം പഞ്ചായത്താഫീസിൽ നേരിട്ട് ഹാജരായി നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് സെക്രട്ടറി (വിവാഹരജിസ്ട്രാർ)ക്ക് സമർപ്പിക്കണം. വൈകിയ രജിസ്ട്രേഷൻ ചീഫ് രജിസ്ട്രാറുടെ(പഞ്ചായത്ത് ഡയറക്ടറുടെ) അനുമതി ലഭിക്കുന്ന മുറക്ക് നടത്താവുന്നതാണ്. | 15 പ്രവർത്തി ദിവസം | 15 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 25. | പൊതുവിവാഹ രജിസ്ട്രേഷൻ | എ) പഞ്ചായത്ത് അതിർത്തിക്കുള്ളിൽവെച്ച് പടങ്ങ് നടന്ന വിവാഹങ്ങൾക്ക് മാത്രം ബാധകം. വിവാഹം കഴിഞ്ഞ് 45 ദിവസങ്ങൾക്കുള്ളിൽ രജിസ്റ്റർ ചെയ്യണം. നിശ്ചിത ഫോറം പഞ്ചായത്ത് ഓഫീസിൽ ലഭ്യമാണ്. വരനും വധുവും ബന്ധുക്കളല്ലാത്ത രണ്ടു സാക്ഷികളും ഓഫീസിൽനേരിട്ട് വരണം. വരന്റെയും വധുവിന്റെയും വയസ്സ് തെളിയിക്കുന്ന രേഖ നിർബന്ധമാണ്. വിവാഹം നടന്നതായി തെളിക്കുന്ന രേഖകളും ഹാജരാക്കണം. വിവാഹ സർട്ടിഫിക്കറ്റ് ആവശ്യമെങ്കിൽ ഭാര്യയും ഭർത്താവും ഒപ്പിട്ട് വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ നൽകണം. ക്രിസ്ത്യൻ മുസ്ലീം മത സ്ഥാപനങ്ങളിൽനിന്നുള്ള സർട്ടിഫിക്കറ്റ് വേണം 3+3ഫോട്ടോകൾ വേണം. 120രൂപ ഫീസ് വേണം. 45 ദിവസത്തിനുശേഷം രൂപ ഫൈൻ, ഫോറം 11-ൽ ഡിക്ലറേഷനും വേണം. ഒരുവർഷത്തിനുശേഷം ഡി.ഡി.പി. യുടെ അനുമതിയോടെ രജിസ്റ്റർചെയ്യാം. 250 രൂപ ഫൈൻ. | 10 ദിവസം | ചട്ടപ്രകാരം |
| 26. | വിവരാവകാശ നിയമ പ്രകാരമുള്ള സേവനം | 10രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച് അപേക്ഷ സെക്രട്ടറിക്ക് സമർപ്പിക്കുക | 30 ദിവസം | നിയമപ്രകാരമുള്ള പകർപ്പ് ഫീസ് |

# ഗ്രാമപഞ്ചായത്തിൽനിന്ന് ലഭിക്കുന്ന സഹായ പദ്ധതികൾ
# അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | അഗതികളായ 60 വയസ്സ് പൂർത്തിയായവർ കുടുംബ വാർഷിക വരുമാനം 10000 രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന്റെ തൊട്ടുമുമ്പ് 3 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ള വരായിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം | 50 ദിവസം |
| 2. | വിധവാ പെൻഷൻ | അഗതികളായ ഭർത്താവ് മരണപ്പെട്ടതും 7 വർഷക്കാലം ഭർത്താവുമായി അകന്ന് ജീവിക്കേണ്ടിവരുന്നവരുമായ പുനർവിവാഹം ചെയ്തിട്ടില്ലാത്ത വിധവകൾ (കുടുംബ വാഷീക വരുമാനം 10000 രൂപയിൽ കൂടരുത്.) അപേക്ഷിക്കുന്നതിനുമുമ്പ് 2 വർഷം കേരളത്തിൽ സ്ഥിരതാമസമാക്കിയിരിക്കണം. | 50 ദിവസം |
| 3. | വികലാംഗർ, അംഗവൈകല്യം സംഭവിച്ചാൽ, മന്ദബുദ്ധിയായവർ എന്നിവർക്കുള്ള പ്രത്യേക പെൻഷൻ | ചെവി കേൾക്കാത്തവർ, ഊമയായവർ, അസ്ഥിവൈകല്യം ഉള്ളവർ, അംഗവൈകല്യമുള്ളവർ, കണ്ണുകാണാത്തവർ (60/6 ഒ 20/200 (സ്നെല്ലൻ) കുറവുള്ളവർ, അസ്ഥിവൈകല്യം 40% ത്തിൽ കൂടുതലുള്ളവർ മന്ദബുദ്ധി 50ൽ കുറവ്) കുടുംബ വാർഷിക വരുമാനം 100000 രൂപയിലും തുടർച്ചയായി 2 വർഷം കേരളത്തിൽ താമസിച്ചിരിക്കണം. നിശ്ചിതഫോറത്തിലുള്ള അപേക്ഷ 2 പ്രതി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടേയോ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 50 ദിവസം |
| 4. | കർഷകത്തൊഴിലാളി പെൻഷൻ | അപേക്ഷാ തീയ്യതിക്ക് 60 വയസ്സ് പൂർത്തിയാവണം കുടുംബ വാർഷിക വരുമാനം 11,000 രൂപയുൽ കവിയരുത്. അപേക്ഷിക്കുന്നതിന് തൊട്ട്മുമ്പ് 10വർഷം കേരളത്തിൽ കർഷകത്തൊഴിലായായി പണിയെടുത്തിരിക്കണം. 1947 ലെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം.(പ്രാബല്യം 1.1.2002 മുതൽ) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2കോപ്പി, വയസ്സ് തെളിയിക്കുന്നസർട്ടിഫിക്കറ്റ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം കാണിക്കുന്ന രേഖ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 50 ദിവസം |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|
| 5. | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | മരണം മൂലം ഭർത്താവ് നഷ്ടപ്പെട്ടവർ, 7 വർഷത്തിൽ കൂടുതൽ ഭർത്താവിൽനിന്ന് അകന്ന് ജീവിക്കുന്നവരും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്തവരുമായവർ. വിവാഹം ദിവസം 18 വയസ്സ് പൂർത്തിയായിരിക്കണം. | ICDS സൂപ്പർ വൈസറുടെ അന്വേഷണറിപ്പോർട്ട് ലഭിച്ച് അർഹരായവർക്ക് അതാതു വകുപ്പിൽ നിന്നും പണം ലഭിച്ചാൽ 15 ദിവസത്തിനുള്ളിൽ |
| 6. | 50 വയസ്സ് തികഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | അവിവാഹിതകളായ 50 വയസ്സ് പൂർത്തിയായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ, വാർഷിക വരുമാനം 100000കയിൽ കവിയാൻ പാടില്ല. മറ്റ് യാതൊരു പെൻഷനും ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വരുമാന സർട്ടിഫിക്കറ്റ് വിവാഹിതയല്ല എന്ന് തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് എന്നിവസഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. പെൻഷൻ അനുവദിച്ചുകഴിഞ്ഞാൽ 1 വർഷത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. | 50 ദിവസം |
| 7. | ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യം | സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശമനുസരിച്ച് തയ്യാറാക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സൗജന്യമായി ലഭിക്കുന്ന ഫോറത്തിൽ അതതു പദ്ധതികൾക്ക് അർഹരായവർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കണം. | |
| 8. | തൊഴിലില്ലായ്മ വേതനം | നിശ്ചിത ഫോറത്തിൽ 2 അപേക്ഷ. സ്റ്റാമ്പ് വേണ്ട.(എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ രേഖ എസ്.എസ്.എൽ.സി.ബുക്കിന്റെയും റേഷൻ കാർഡിന്റെയും പകർപ്പ്) 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള തൊഴിൽ രഹിതരും മാസവരുമാനം 100 രൂപയിൽ താഴെയുള്ളവരും എംപ്ലോയ്മെന്റ് എക്സേഞ്ചിൽ ചുരുങ്ങിയത് 3 വർഷത്തെ രജിസ്ട്രേഷൻ ഉള്ള വരും (വികലാംഗർക്ക് 2 വർഷം) മറ്റ് തൊഴിലില്ലാത്തവരും വിദ്യാർത്ഥി-വിദ്യാർത്ഥിനികളല്ലാത്ത വരും പഞ്ചായത്ത് അതിർത്തികളിൽ സ്ഥിരതാമസക്കാരും എസ്.എസ്.എൽ.സി പാസ്സായവരും (എസ്.എസ്./എസ്.ടി.ക്കാരാണെങ്കിൽ എസ്.എസ്.എൽ.സി.തൊറ്റവരും പരിഗണിക്കും) ആയിരിക്കണം അപേക്ഷകർ മറ്റു എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ താമസിക്കുന്ന പഞ്ചായത്ത് ഉൾപ്പെടുന്ന എക്സേഞ്ചിൽ രജിസ്ട്രേഷൻ മാറ്റിയതിനുശേഷം വേണം അപേക്ഷ നൽകാൻ. മറ്റ് പഞ്ചായത്തുകളിൽ താമസം മാറിവന്നവർ താമസം തെളിയിക്കാൻ രേഖകൾ ഹാജരാക്കണം. ഗവണ്മെന്റിന്റെ സ്പെഷ്യൽ ഉത്തരവുപ്രകാരം സീനിയോറിറ്റി പുതുക്കിയവർക്ക് 3 വർഷത്തിന് ശേഷം മാത്രമേ വേതനത്തിന് അർഹതയുള്ളൂ. മറ്റേതെങ്കിലും പഞ്ചായത്തിൽ വേതനം വാങ്ങുന്നവർ വിതരണ കാർഡും വേതനം നിർത്തലാക്കിയ സർട്ടിഫിക്കറ്റും ഹാജരാക്കണം. | അതാതുവകുപ്പിൽ നിന്നും പണം ലഭിച്ചാൽ 15 ദിവസത്തിനുള്ളിൽ |

# കൃഷിഭവൻ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷിരീതി സംബന്ധിച്ച വിവരം | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ അഗ്രോ ക്ലിനിക്കിൽ ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 2. | ശാസ്ത്രീയ കൃഷിരീതി സംബന്ധിച്ച പഠനം/റഫറൻസ് | കൃഷിഭവനിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററിൽ/ അഗ്രോ ക്ലിനിക്കൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 3. | കാർഷിക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങളുടെ ശുപാർശ | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ/അഗ്രോ ക്ലിനിക്കിൽ ബന്ധപ്പെടുക | തത്സമയം | ഇല്ല |
| 4. | മണ്ണ് പരിശോധന താനുസരണമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച് മണ്ണ് സാമ്പിൾകൃഷിയിടത്തിന്റെ വിവരണം, വിളവിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | തത്സമയം | ഇല്ല |
| 5. | അടിയന്തിര മണ്ണ് പരിശോധനാ ഫലം ലഭിക്കാൻ തൃശൂർ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കുള്ള കൃഷി ആഫീസറുടെ ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച സാമ്പിൾ കൃഷിയിടത്തന്റെ വിവരണം, വിളവിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ആഫീസ് സമയങ്ങ കൃഷിഭവനിൽ ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 6. | സഞ്ചരിക്കുന്ന മണ്ണ് പരിശോധന യൂണിറ്റിന്റെ സേവനം | ചുരുങ്ങിയത് 50 സാമ്പിളുകളിൽ കുറയാതെ മേൽപ്പറഞ്ഞപ്രകാരം പരിശോധിക്കേണ്ടിവരുമ്പോൾ കൃഷിഭവനുമായി ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 7. | പ്രകൃതിക്ഷോഭംമൂലം കാർഷികവിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ലഭിക്കാൻ | നഷ്ടം സംഭവിച്ച് 10 ദിവസങ്ങൾക്കുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ സമർപ്പിക്കണം. (ഫോറത്തിന്റെ മാതൃക കൃഷിഭവനിൽ ലഭ്യമാണ്) | 10 ദിവസത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും | ഇല്ല |
| 8. | വിള, ഇൻഷുറൻസ് (നെല്ല്, തെങ്ങ്, വാഴ, റബർ, മരച്ചീനി, കൈതച്ചക്ക, മഞ്ഞൾ, ഇഞ്ചി, പച്ചക്കറി) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 3 കോപ്പി, വിളകൾക്ക് നിശ്ചയിച്ച പ്രീമിയം തുക എന്നിവയോടുകൂടി കൃഷി ഭവനിൽ ബന്ധപ്പെടുക. | 7 ദിവസം | ഇല്ല |
| 9. | കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിനുള്ള മുൻഗണനാ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷി ആഫീസർക്ക് സമർപ്പിക്കണം. (ഫോറത്തിന്റെ മാതൃക കൃഷിഭവനിൽ ലഭ്യമാണ് | 5 ദിവസം | ഇല്ല |
| 10. | 10. നെൽകൃഷിക്കുള്ള ഉത്പ്പാദന ബോണസ് | പാടശേഖര സമിതികൾ മുഖാന്തിരം നിശ്ചിത ഫോറത്തിൽ ഓരോ വിളക്കും അപേക്ഷ സമർപ്പിക്കണം. | ഫണ്ട് ലഭിച്ച് 7 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 11. | അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ നടീൽ വസ്തുകൾ, വളം എന്നിവയുടെ വിതരണം | വിളയിറക്കുന്നതിന് മുമ്പായി കൃഷി ഭവനുമായി ബന്ധപ്പെടുക | | കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വില |
| 12. | കാർഷിക യന്ത്രോപകരണങ്ങളുടെ സസ്യ സംരക്ഷണ ഉപകരണങ്ങളുടെയും വിതരണം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാരേഖകളുമായി കൃഷിഭവനിൽ സമർപ്പിക്കുക | തത്സമയം | കാലാകാലങ്ങളിൽനിശ്ചയിക്കുന്ന വാടക |
| 13. | കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷി ഓഫീസർക്ക് സമർപ്പിക്കണം. | ഫണ്ട് ലഭിക്കുന്ന മുറക്ക് | ഇല്ല |
| 14. | ജലസേചനത്തിന് പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ പെർമിറ്റിനുള്ള ശുപാർശ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി | ഡിസംബർ, ജനുവരി മാസങ്ങളിൽ | ഇല്ല. |
| 15. | വിത്ത് ഗുണനിയന്ത്രണം പട്ടാമ്പി വിത്ത്പരിശോധന ലബോറട്ടറി മുഖേന | നിർദ്ദേശാനുസരണം ശേഖരിച്ച് വിത്ത് സാമ്പിൾ 500 ഗ്രാം കൃഷിഭവനിൽ ഏൽപ്പിക്കുക | 30 ദിവസം | ഇല്ല. |
| 16. | രാസവളം, കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് നൽകലും പുതുക്കലും | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കണം. | 7 ദിവസം | രാസവളം 75 രൂപ കീടനാശിനി 300 രൂപ |
| 17. | ചെറുകിട പരിമിത വൻകിട കൃഷിക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ കൈവശ ഭൂമിയുടെ വിവരം കാണിക്കുന്ന രേഖ സഹിതം കൃഷിഭവനിൽ ബന്ധപ്പെടുക. | 5 ദിവസം | ഇല്ല |
| 18. | കേരള കർഷകനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ കൈവശഭൂമിയുടെ വിവരം കാണിക്കുന്ന രേഖ സഹിതം കൃഷിഭവനിൽ ഭവനിൽ ബന്ധപ്പെടുക | 5 ദിവസം | ഇല്ല. |
| 19. | 19.ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലെ പ്രോജക്ടുനിർവ്വഹണം | പദ്ധതി പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം | ഫണ്ട് ലഭിക്കുന്ന മുറക്ക് | ഇല്ല. |

# പ്രാഥമികാരോഗ്യകേന്ദ്രം ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | നിശ്ചിത ഫോറവും റേഷൻ കാർഡും | എല്ലാ പ്രവർത്തി ദിവസവും | ഇല്ല |
| 2. | മെഡിക്കൽ സർട്ടിഫിക്കറ്റ് | നിശ്ചിത ഫോറം | എല്ലാ പ്രവർത്തി ദിവസവും | Rs.100 |
| 3. | രോഗ ചികിത്സ | എല്ലാ ദിവസവും | | ഇല്ല |
| 4. | പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട പരാതി സ്വീകരിക്കലും തുടർ നടപടികളും, മന്ദബുദ്ധി,വികലാംഗർ എന്നിവരുടെ പെൻഷനുവേണ്ടിയുള്ള അന്വേഷണം | | എല്ലാ പ്രവർത്തി ദിവസവും | ഇല്ല |
| 5. | പ്രതിരോധ കുത്തിവെപ്പ് | | എല്ലാ ബുധനാഴ്ചയും രാവിലെ 10 മുതൽ 1 മണി വരെ | ഇല്ല |
| 6. | കുടുംബക്ഷേമ മാർഗ്ഗങ്ങൾക്കുള്ള നിർദ്ദേശങ്ങളും പ്രസവാനുകൂല്യവും | | എല്ലാ പ്രവർത്തി ദിവസവും | ഇല്ല |
| 7. | ഗർഭകാല പരിചരണം | | എല്ലാ തിങ്കളാഴ്ചയും | ഇല്ല |
| 8. | സാനിട്ടറി സർട്ടിഫിക്കറ്റ്, **Dangerous and Offensive Trade etc** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | എല്ലാ പ്രവർത്തി ദിവസവും | ഇല്ല |
| | | | | |

# വെറ്റിനറി ഡിസ്പെൻസറി, ചുണ്ടൽ ഗ്രാമ പഞ്ചായത്ത്.

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | മൃഗങ്ങൾക്കുള്ള രോഗ നിർണ്ണയവും ചികിത്സയും മരുന്ന് നൽകലും | രാവിലെ 9 മുതൽ 1 മണിവരെയും വൈകീട്ട് 2 മുതൽ 3 മണിവരെയും, അവധി ദിവസങ്ങളിൽ രാവിലെ 9 മുതൽ 12 മണിവരെയും ഡോക്ടറെ സമീപിക്കുക. | തത്സമയം | ഇല്ല |
| 2. | പകർച്ചവ്യാധികൾക്കെതിരെയുള്ള രോഗ പ്രതിരോധ കുത്തിവെയ്പ്പ് | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 3. | കന്നുകാലികളുടെ ഗർഭ പരിശോധനയും വന്ധ്യതാ നിവാരണ ചികിത്സയും | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 4. | വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ കുത്തിവെപ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | ഡ്യൂട്ടി സമയത്ത് സമീപിച്ച് കുത്തിവെപ്പിനുള്ള വാക്സിൻ ലഭ്യമാക്കുക. | തത്സമയം | ഇല്ല |
| 5. | വളർത്തുമൃഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. (ഇൻഷുറൻസ് പ്രീമിയം ഗുണഭോക്താവ് നിർദ്ദേശാനുസരണം അടക്കണം | തത്സമയം | ഇല്ല |
| 6. | കാളകളുടെ വരിയുടക്കൽ, മൂക്ക് തുളക്കൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 7. | കൃത്രിമ ബീജസങ്കലനം | മദലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപത്തെത്തിക്കുക. | തത്സമയം | ഇല്ല |
| 8. | ഓമന മൃഗങ്ങളെ ചികിത്സിക്കൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 9. | ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | പ്രവർത്തി ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 2 മണിമുതൽ 3 വരെ ഒപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം സമീപിക്കുക. | തത്സമയം | ഇല്ല |

# സാമൂഹ്യക്ഷേമം- അംഗൻവാടികൾ, ചുണ്ടൽ ഗ്രാമ പഞ്ചായത്ത്.

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | പ്രീസ്കൂൾ വിദ്യാഭ്യാസം | മൂന്ന് വയസ്സ് പൂർത്തിയായിരിക്കണം. | 3 വയസ്സുമുതൽ 6 വയസ്സു വരെ പ്രായമുള്ളവർ | ഇല്ല |
| 2. | ആരോഗ്യപരിശോധന | മാസത്തിലൊരിക്കൽ | ഗർഭിണിയായതുമുതൽ പ്രസവിച്ച 6 മാസം വരെയുള്ള സ്ത്രീകൾ, 6 വയസ്സുവരെയുള്ള കുട്ടികൾ | ഇല്ല |
| 3. | ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം | മാസത്തിലൊരിക്കൽ | തിയ്യതി അംഗൻവാടി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ് | ഇല്ല |
| 4. | കുട്ടികളുടെ തൂക്കം പരിശോധിക്കുന്നു. | മാസത്തിലൊരിക്കൽ | നിർദ്ദിഷ്ട ദിവസം അംഗൻവാടി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും | ഇല്ല |
| 5. | കൗമാരക്കാർക്ക് പോഷകാഹാര വിദ്യാഭ്യാസവും ശാക്തീകരണ പരിപാലനവും | ആഴ്ചയിലൊരിക്കൽ | 11-18 പ്രായത്തിലുള്ള പെൺകുട്ടികൾ | ഇല്ല |
| | | | | |

# വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമവികസനം)

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | പട്ടികജാതിയിൽപ്പെട്ടതും പൊതുവിഭാഗത്തിലെ ദാരിദ്ര്യരേഖക്കു താഴെയുള്ളതുമായ കുടുംബങ്ങളുടെ സാമൂഹ്യസാമ്പത്തിക പുരോഗതിക്കായി അവരെ സ്വയം തൊഴിൽ പദ്ധതികൾക്കു സന്നദ്ധരാക്കുകയും അതിനുവേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടുന്ന ബോധവത്കരണം നൽകൽ | ദാരിദ്ര്യരേഖ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളായിരിക്കണം. ആഫീസുമായി ബന്ധപ്പെടുകയോ ഫീൽഡ് വിസിറ്റ് സമയത്ത് ചർച്ച ചെയ്യുകയോ ആകാം | തത്സമയം | |
| 2. | പുതിയ സ്വയംസഹാ സംഘങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ളവയുടെ പ്രവർത്തന ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സഹായം നൽകൽ | ദാരിദ്ര്യരേഖ പട്ടികയിൽ ഉള്ള കുടുംബങ്ങളുടെ സ്വയം സഹായ സംഘങ്ങളായിരിക്കണം | തത്സമയം | |
| 3. | ബ്ലോക്ക് ഓഫീസ്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഉദാ: ഭവനനിർമ്മാണം, ഭവനം അഭിവൃദ്ധിപ്പെടുത്തൽ ഇവയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായിക്കുക സഹായധനം ലഭ്യമാക്കുക എന്നിവ | ദാരിദ്ര്യരേഖയിൽപ്പെട്ടവരും ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച് അംഗീകരിച്ചതുമായ ഗുണഭോക്താക്കൾ | തത്സമയം | |
| | ഗ്രാമപഞ്ചായത്ത് കേരള വികസന പദ്ധതിയിലുള്ള പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള സേവനങ്ങൾ | കേരള വികസന പദ്ധതി ഗുണഭോക്താവിനുള്ള നിബന്ധനകൾ പാലിക്കണം. ഗ്രാമപഞ്ചായത്ത് ഓഫീസ് വി.ഇ.ഒ.ഓഫീസ് എന്നവയുമായി ബന്ധപ്പെടുക/ ഫീൽഡ് വിസിറ്റിംഗ് സമയത്ത് സമീപിക്കുക. | തത്സമയം | |
| | കേന്ദ്രാവിഷ്കൃത പദ്ധതികളായ IAV ഭവന നിർമ്മാണം. IAV വീട് അഭിവൃദ്ധിപ്പെടുത്തൽ SGSY തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതാണ്. | | | |